പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3870

15.12.2014 ൽ മറുപടിയ്ക്ക്

## തിരുവനന്തപുരം ജില്ലയിലെ ചിട്ടി തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എം.ഷാജി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കടയിൽ പ്രവർത്തിച്ചിരുന്ന പൊന്നൂസ് ചിട്ടി ഫണ്ട് എന്ന സ്ഥാപനം നടത്തിയ സാമ്പത്തിക തട്ടിപ്പ് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അതിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് 120 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. |
| (ബി) ഈ തട്ടിപ്പിനിരയായ കാട്ടാക്കട ഉടയൻകുഴി പുത്തൻവീട്ടിൽ എച്ച് തങ്കരാജ് എന്നയാൾ 07-07-2014 ന് ഇതു സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ നൽകിയ പരാതിയിന്മേൽ സ്വീകരിച്ചതും ഇനി സ്വീകരിക്കേണ്ടതുമായ നടപടികളുടെ വിശദവിവരം നൽകാമോ; | (ബി) ഇത് സംബന്ധിച്ച് കാട്ടാക്കട പോലീസ് സ്റ്റേഷനിൽ പരാതികൾ ലഭിച്ചിട്ടുള്ളതും ആയതിലേക്ക് ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് പരാതിക്കാരെ നേരിൽക്കണ്ട് വിവരങ്ങൾ ശേഖരിച്ചിട്ടുള്ളതും ടിയാന്മാരെ സാക്ഷിപ്പട്ടികയിൽ ഉൾപ്പെടുത്തി കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്. |
| (സി) ഈ സ്ഥാപനം നിയമവിരുദ്ധ പ്രവർത്തനം നടത്തുന്ന കാര്യം എപ്പോഴാണ് പോലീസിന്റെ ശ്രദ്ധയിൽപ്പെട്ടതെന്നും, ശ്രദ്ധയിൽപ്പെട്ട ഉടൻ നടപടി സ്വീകരിച്ചോ എന്നും, കേസ് രജിസ്റ്റർ ചെയ്തത് എന്നാണെന്നും വ്യക്തമാക്കുമോ; | (സി) 25.03.2014-ലാണ് പൊന്നൂസ് ചിട്ടി ഫണ്ട് എന്ന സ്ഥാപനത്തിനും അതിന്റെ നടത്തിപ്പുകാർക്കും എതിരെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. അന്നേ ദിവസം തന്നെ കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം 320/2014 u/s 406, 420 of 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) ഇത്തരം തട്ടിപ്പ സംഘങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കാനും, നിയമനടപടി സ്വീകരിക്കാനും എല്ലാ പോലീസ് സ്റ്റേഷനുകൾക്കും നിർദ്ദേശം നൽകുമോ ? | (ഡി) ഇതു സംബന്ധിച്ച് സ്വീകരിക്കേണ്ട നടപടികളെപ്പറ്റി സംസ്ഥാന പോലീസ് മേധാവി എക്സിക്യൂട്ടീവ് ഡയറക്ടീവ് 12/2014 പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

4